സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ലെന്ന മറുപടിയാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇക്കാര്യം ഭക്ഷ്യവകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മത്സ്യബന്ധന മേഖലയിലെ സംഘടനാപ്രതിനിധികളുമായി 2-1-2011-ന് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. പി.ഡി.എസ്. മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിക്കാനാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നല്കിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായ തോതിൽ മണ്ണെണ്ണ ലഭ്യമാക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ആവശ്യമനുസരിച്ച് പുതിയ മണ്ണെണ്ണ പെർമിറ്റുകൾ വിതരണം ചെയ്യാൻ സാധിക്കും. അതോടൊപ്പം നോൺ-പി.ഡി.എസ്. മണ്ണെണ്ണ ലഭ്യമാക്കുന്ന കാര്യവും സർക്കാർ ഗൗരവമായി പരിശോധിച്ചു വരികയാണ്.

4. ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ടുള്ള ഹൈക്കോടതി നിർദ്ദേശം

ശ്രീ. വി. ശിവൻകുട്ടി : സർ, പ്രശസ്തമായ ആറ്റുകാൽ പൊങ്കാല മഹോത്സവം ഫെബ്രുവരി മാസം 19-ാം തീയതിയാണ് നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം ഏതാണ്ട് ഇരുപത് ലക്ഷത്തിലധികം സ്ത്രീകൾ ഈ മഹോത്സവത്തിൽ കേരളത്തിലെമ്പാടുനിന്നും പുറത്തുനിന്നും പങ്കെടുത്തതായാണ് കണക്കുകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് ഗിന്നസ് ബുക്കിൽതന്നെ റിക്കാർഡ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിലെ 18 കോർപ്പറേഷൻ വാർഡുകളിലാണ് ഈ മഹോത്സവത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സംസ്ഥാന ഗവൺമെന്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എല്ലാവിധ സഹായവും പിന്തുണയും ശബരിമലയിൽ ചെയ്യുന്നതുപോലെതന്നെ ഇതിനും ചെയ്തുകൊടുക്കാറുണ്ട്. ഇരുപത് ലക്ഷത്തോളം വരുന്ന സ്ത്രീകൾ വന്നിറങ്ങുന്ന ഒരു സ്ഥലമെന്നുള്ള നിലയിൽ കഴിഞ്ഞ അമ്പതുവർഷത്തെ പൊങ്കാലയുടെ ചരിത്രം പരിശോധിച്ചു നോക്കിയാൽ ഒരു പരാതിയോ അപശബ്ദമോ ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടോ ഉണ്ടായതായുള്ള ഒരു വിവരവും പോലീസ് സ്റ്റേഷനിലോ അല്ലെങ്കിൽ ആരുടെ ശ്രദ്ധയിലോപെട്ടിട്ടില്ല. ഇപ്പോൾ കോടതിയിൽ ഡബ്ല്യൂ.പി.സി. 3319/2011 എസ്. നമ്പരിൽ ഒരു വ്യക്തി കേസ് നൽകിയിട്ടുണ്ട്. കേസിനെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ടവരോട് ആരുംതന്നെ അതിന്റെ കാര്യങ്ങൾ ആരായാതെ ഏകപക്ഷീയമായ ഒരു വിധിയാണ് കോടതി പുറപ്പെടുവിച്ചിട്ടുള്ളത്. വിധിയിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ സ്റ്റേറ്റ് ഗവൺമെന്റും ഡി.ജി.പി.യുമാണ് വന്നിട്ടുള്ളത്. റോഡിൽ ഒരു കാരണവശാലും ബ്ലോക്കുണ്ടാകാൻ പാടില്ല എന്നുള്ളത് ഉറപ്പുവരുത്തണമെന്ന നിലയിലുള്ള നിർദ്ദേശമാണ് അവർക്ക് ബഹുമാനപ്പെട്ട ഡിവിഷൻ ബെഞ്ച് കൊടുത്തിരിക്കുന്നത്. തിരുവനന്തപുരം സിറ്റിയിലുള്ള പ്രധാനപ്പെട്ട മൂന്ന് ഗ്രൗണ്ട് എന്നു പറയുന്നത്: സെൻട്രൽ സ്റ്റേഡിയം, പോലീസ് സ്റ്റേഡിയം, പുത്തരിക്കണ്ടം മൈതാനം എന്നിവയാണ്. ഇതിന്റെ മൂന്നിന്റെയും കൂടി കപ്പാസിറ്റി നോക്കിക്കഴിഞ്ഞാൽ ഒരുലക്ഷത്തി ഇരുപതിനായിരം അല്ലെങ്കിൽ ഒന്നര ലക്ഷത്തോളംവരുന്ന ആൾക്കാർക്കുമാത്രമേ നിൽക്കാനോ പങ്കെടുക്കാനോ ഉള്ള സൗകര്യം ഉണ്ടാകുകയുള്ളൂ. 18 കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വാർഡുകളിലായി എല്ലാ ജാതിമതസ്ഥരും സഹകരിക്കുകയും ഈ മഹോത്സവത്തിനായി അന്യ സംസ്ഥാനങ്ങളിൽനിന്നും അന്യദേശങ്ങളിൽനിന്നും വരുന്ന എല്ലാവർക്കും എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നുമുണ്ട്. ഇപ്പോൾ പൊതുസ്ഥലത്ത് പൊതുയോഗംതന്നെ നടത്തുന്നതിനുള്ള അനുവാദം കോടതി നൽകുന്നില്ല, അത് നിരോധിച്ചിരിക്കുകയാണ്. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ പൊതുയോഗങ്ങൾ എല്ലാ രാഷ്ട്രീയപാർട്ടികൾക്കും നടത്തണം. അതുപോലെ ജാതി സംഘടനകളും മതസംഘടനകളും ഘോഷയാത്രകൾ പലതും നടത്താറുണ്ട്. അതൊന്നും ഒരു സാമൂഹ്യപ്രശ്നമായിട്ടോ അല്ലെങ്കിൽ നാട്ടിലെ സൈരജീവിതത്തെ തകർക്കുന്ന വിഷയമായിട്ടൊന്നും വന്നിട്ടില്ല. ഒരു യാഥാർത്ഥ്യവും കാണാതെയാണ് ബഹുമാനപ്പെട്ട കോടതി പൊതുയോഗം നിരോധിക്കുന്നതടക്കമുള്ള പ്രശ്നങ്ങളുമായി വന്നിട്ടുള്ളത്. അതുകൊണ്ട് പൊതുയോഗ നിരോധനമായിരുന്നാലും പ്രധാന വീഥിയിലൂടെയുള്ള മതസംഘടനകളുടെയും ജാതി സംഘടനകളുടെയും ഘോഷയാത്രയായിരുന്നാലും നിരോധിക്കുന്നതുൾപ്പെടെ ഇരുപത് ലക്ഷത്തോളം സ്ത്രീകൾ പങ്കെടുക്കുന്ന ആറ്റുകാൽ പൊങ്കാല ഇടാൻ അനുവദിക്കില്ല എന്നുള്ള കോടതിയുടെ നിലപാട് മറികടക്കുന്നതിന് വേണ്ടിവന്നാൽ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ആറ്റുകാൽ പൊങ്കാല ലക്ഷക്കണക്കിന് സ്ത്രീകൾ പങ്കെടുക്കുന്ന ലോക പ്രശസ്തിയാർജ്ജിച്ച ഒരു ഉത്സവമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ആറ്റുകാൽ പൊങ്കാല നടക്കുന്ന അവസരത്തിൽ ട്രാഫിക് തടസ്സമുണ്ടാകാതിരിക്കാൻ സ്റ്റേഡിയമോ കളിസ്ഥലമോ പോലുള്ള സ്ഥലങ്ങളിൽ പൊങ്കാലയിടണമെന്നും പൊങ്കാലയിടുന്ന സ്ത്രീകൾക്കും നാട്ടുകാർക്കും അപകടങ്ങൾ ഉണ്ടാകാത്ത രീതിയിൽ സുഗമമായി നടത്തുവാൻ വേണ്ട നിർദ്ദേശം കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നവാബ് നിയമസഹായവേദിയുടെ ചെയർമാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി.സി. 3319/2011 എസ്. നമ്പരായി ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ 1-2-2011-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പൊതുനിരത്തുകൾ ഉത്സവത്തോടനുബന്ധിച്ച് തടസ്സപ്പെടുത്തുവാൻ പാടില്ലെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ഡി.ജി.പി.-യോടും ആറ്റുകാൽ ട്രസ്റ്റിനോടും ഒരാഴ്ചയ്ക്കകം ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരിക്കുകയാണ്. ഇതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള സുരക്ഷാക്രമീകരണങ്ങൾ ഉൾപ്പെടുത്തികൊണ്ടും ഈ റിട്ട് പെറ്റീഷനിലെ വാദി ആവശ്യപ്പെട്ടതുപോലെ ആറ്റുകാൽ പൊങ്കാല സ്റ്റേഡിയത്തോ കളിസ്ഥലത്തോ നടത്തിയാൽ അടിയന്തരഘട്ടങ്ങളിൽ തിക്കുംതിരക്കും കൊണ്ടുണ്ടാകുന്ന അപകടസാദ്ധ്യത വളരെ കൂടുതലാണെന്നും പൊങ്കാല നടക്കുന്ന സ്ഥലങ്ങളിലൂടെയും പരിസരത്തുമുള്ള ജനങ്ങൾ അന്നേ ദിവസം വാഹനം സ്വയം ഉപയോഗിക്കാതെയിരിക്കുകയാണെന്നും പൊങ്കാല അടുപ്പിലേക്ക് തീ കത്തിക്കുന്ന അവസരത്തിൽ മാത്രമാണ് പോലീസ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുന്നതെന്നും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ കാണിച്ചിട്ടുണ്ട്.വിശദമായ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുന്നുണ്ട്. ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 8-ാം തീയതി പരിഗണനയ്ക്ക് വരികയാണ്. തിരുവനന്തപുരത്തെ അതിപ്രശസ്തമായ ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ ഈ വർഷത്തെ പൊങ്കാല മഹോത്സവം 19-2-2011-ൽ ആഘോഷിക്കുകയാണ്. വിവിധ സ്ഥലങ്ങളിൽനിന്നും ഇരുപത്തിയഞ്ചു ലക്ഷത്തിലധികം സ്ത്രീകൾ പൊങ്കാലയിടുന്നതിനുവേണ്ടി ആറ്റുകാൽ ക്ഷേത്രപരിസരത്ത് എത്തിച്ചേരുന്നുണ്ട്. കഴിഞ്ഞ വർഷത്തെ പൊങ്കാല തിരുവനന്തപുരം നഗരത്തിൽ ക്ഷേത്രത്തിന്റെ ആറു കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചിരുന്നു. പൊങ്കാല മഹോത്സവം സുഗമമായി നടത്തുന്നതിനു വേണ്ടി പോലീസ്, ഫയർ ഫോഴ്സ്, സിറ്റി കോർപ്പറേഷൻ, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളുടേയും വിവിധ റസിഡൻസ് അസോസിയേഷനുകൾ, വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനകൾ എന്നിവയുടേയും സഹകരണം സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. പൊങ്കാല ദിവസം ചുറ്റുപാടും താമസിക്കുന്ന ആൾക്കാർ സ്വമനസ്സാലെത്തന്നെ വാഹനങ്ങൾ ആ ഭാഗത്തുകൂടി കൊണ്ടു പോകാറില്ല.

(അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ)

19-2-2011-ന് തിരുവനന്തപുരം ജില്ലയ്ക്ക് പ്രാദേശിക അവധി നൽകിയിട്ടുമുണ്ട്. പൊങ്കാല സമയത്ത് ഭക്തരായി എത്തുന്ന സ്ത്രീകൾക്ക് അസുഖങ്ങളോ മറ്റ് പ്രയാസങ്ങളോ ഉണ്ടാകുന്നുവെങ്കിൽ സഹായത്തിനായുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ ആംബുലൻസും ഫയർ എൻജിനുകളും സുഗമമായി എല്ലാ സ്ഥലങ്ങളിലും എത്തിച്ചേരുന്നതിനുള്ള നടപടികളും എടുക്കുന്നുണ്ട്. പ്രസ്തുത പ്രദേശത്ത് താമസിക്കുന്ന വീട്ടുകാർക്ക് എന്ത് അത്യാവശ്യമുണ്ടെങ്കിലും അതിനാവശ്യമായ സഹായത്തിനുള്ള ഒരുക്കങ്ങൾ സർക്കാർ സംവിധാനംവഴി ചെയ്യുന്നുമുണ്ട്. തിരുവനന്തപുരം സിറ്റി പോലീസ് ജില്ലാ ഭരണകൂടവുമായി ചർച്ച ചെയ്ത് പൊങ്കാല ദിവസം പോലീസ് ബന്തവസ്സ് സ്ക്കീം തയ്യാറാക്കിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയിലും കിഴക്കേ നടയിലും രണ്ട് പോലീസ് കൺട്രോൾ റൂമുകളും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ അടക്കമുള്ള വനിതാ പോലീസുകാർ ഉൾപ്പെടെ മൂവ്വായിരത്തോളം പോലീസുകാർ അടങ്ങുന്ന സേന ക്രമസമാധാന പരിപാലനത്തിനായി ഡ്യൂട്ടിയിൽ ഉണ്ടാകുന്നതാണ്. കൂടാതെ കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ നേതൃത്വത്തിൽ പ്രധാന സ്ഥലങ്ങളിൽ ഫയർ എഞ്ചിനുകൾ തയ്യാറാക്കിനിർത്തി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ക്ഷേത്ര പരിസരം, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ മഫ്ടി പോലീസുകാരെ നിയോഗിച്ചും ക്ലോസ് സർക്യൂട്ട് സംവിധാനം ഏർപ്പെടുത്തിയും ക്രമസമാധാന പാലനം ഉറപ്പു വരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുന്നുമുണ്ട്. കാലാകാലങ്ങളിൽ നടക്കുന്ന ഈ ഉത്സവത്തിൽ വളരെ വിരളമായിമാത്രമേ മാലപൊട്ടിക്കലോ അതുപോലുള്ള കുറ്റകൃത്യങ്ങളോ സംഭവിക്കാറുള്ളൂ. ഇത്ര യധികം ഭക്തജനങ്ങൾ ഒരിടത്ത് ഒത്ത് ചേരുന്നുണ്ടെങ്കിലും ഒരിക്കലും

LIBRARY ARCHIVES Kerala Legislative Assembly

തിക്കുംതിരക്കും മൂലമുള്ള അപകടങ്ങൾ ഉണ്ടാകാത്ത തരത്തിലാണ് കഴിഞ്ഞ കാലങ്ങളിലൊക്കെ ക്രമീകരണങ്ങൾ ചെയ്തുവന്നിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പരിശോധിക്കാൻ ഇതുമായി ബന്ധപ്പെട്ട ഒരു യോഗം ആഭ്യന്തര വകുപ്പുമന്ത്രി വിളിച്ച് കൂട്ടിയിട്ടുണ്ട്. ആറ്റുകാൽ ഉത്സവവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് ആവശ്യത്തിലധികമായ നിയന്ത്രണം കൊണ്ടുവന്നാൽ ഭക്തജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന പ്രതികരണംകൂടി കണക്കിലെടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് സുപ്രീം കോടതി അംഗീകരിച്ചതാണ്. ഈ സാഹചര്യത്തിൽ അതൊരു പ്രശ്നമാണ്. ഹൈക്കോടതിയും സുപ്രീം കോടതിയും പറഞ്ഞ സ്ഥിതിക്ക് അത് നടപ്പാക്കാൻ പോലീസിന് ബാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്നത് ഗൗരമായി ആലോചിക്കേണ്ടതുണ്ട്. അതനുസരിച്ച് പൊതു സ്ഥലങ്ങളിൽ നിയന്ത്രണങ്ങൾക്കു വിധേയമായി ചില പ്രത്യേക കേസ്സുകൾക്ക് അംഗീകാരം കൊടുക്കേണ്ടതായി വരും. ആറ്റുകാൽ പൊങ്കാല പോലെ തന്നെ പള്ളികളിൽ ഉത്സവങ്ങൾ നടക്കുന്നുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അത് അനുവദിക്കാതിരുന്നാൽ കേരളം പോലുള്ള സംസ്ഥാനത്ത് വലിയ പ്രശ്നങ്ങൾ നമുക്ക് നേരിടേണ്ടതായിവരും. രാഷ്ട്രീയ പാർട്ടികളുടെ പൊതുയോഗങ്ങൾ ഇതെല്ലാം കൂടി വരുന്നതോടുകൂടി ആർക്കും പുറത്തിറങ്ങാൻ കഴിയാത്ത ഒരു സംസ്ഥാനമായി കേരളം മാറുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് നിയന്ത്രണങ്ങൾക്ക് വിധേയമായി നിയമപരമായി എങ്ങനെ പരിരക്ഷ കൊടുക്കാൻ സാധിക്കുമെന്ന് ആലോചിക്കേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാർ കോടതിയിൽ പോയി ഉത്തരം പറയേണ്ടതായി വരും. അതിന് എങ്ങനെ ഒരു നിയമ നിർമ്മാണം നടത്താൻ സാധിക്കും എന്ന കാര്യത്തിൽ പ്രതിപക്ഷംകൂടി സഹകരിക്കുകയാണെങ്കിൽ സഭ സമ്മേളിക്കുന്ന ഈ സന്ദർഭത്തിൽത്തന്നെ സമയം ക്രമീകരിച്ചെടുക്കാൻ കഴിയുമെങ്കിൽ ഒരു ബിൽ അവതരിപ്പിക്കാം. ഒരു ബിൽ ഹോം ഡിപ്പാർട്ടുമെന്റിൽ ഡ്രാഫ്റ്റ് ചെയ്തിട്ടുണ്ട്. അത് നിയമ വകുപ്പു കൂടി പരിശോധിച്ചുകൊണ്ട് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെയൊരു നിയമനിർമ്മാണം നടത്താൻ രണ്ടു കൂട്ടരും സഹകരിക്കുകയാണെങ്കിൽ ഗവൺമെന്റ് സന്നദ്ധമാണ്. അത് സംബന്ധിച്ചുള്ള കാര്യങ്ങൾ ആലോചിക്കുവാൻ ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുത്ത് ഭരണപക്ഷവും പ്രതിപക്ഷവുമായിട്ട് കൂടി ആലോചിച്ച് ഒരു ക്രമീകരണം ഉണ്ടാക്കുകയാണെങ്കിൽ ഗവൺമെന്റ് അതിന് സന്നദ്ധമാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തുനിന്നുള്ള സഹകരണം പ്രതീക്ഷിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ശ്രീ. വി. ശിവൻകുട്ടി ഇവിടെ അവതരിപ്പിച്ചതും ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞതും ; ആറ്റുകാലിനെ അറിയപ്പെടുന്നത് തന്നെ സത്രീകളുടെ ശബരിമല എന്നാണ്. അതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ നടന്നു വരുന്നുവെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ക്ഷേത്രത്തിന് ചുറ്റുപാടുമാണ് പൊങ്കാല. ഏതെങ്കിലും മൈതാനത്ത് പോയി പൊങ്കാലയിട്ടാൽ അത് സ്ത്രീകളുടെ വിശ്വാസത്തെ തകർക്കും. അതുകൊണ്ട് ഇതിനെക്കുറിച്ചുള്ള ഒരു സംവിധാന മുണ്ടാകുന്നത് നല്ലതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മറ്റൊരു പരിപാടിയിൽ പങ്കെടുക്കുന്നതിനായി പോയിരിക്കുന്നതുകൊണ്ട് അദ്ദേഹം വന്നിട്ട് സംസാരിക്കാവുന്നതാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളോട് വിയോജിപ്പ് ഉണ്ടാകേണ്ട കാര്യമില്ല. ആറ്റുകാൽ മാത്രമല്ല തിരുവനന്തപുരത്തുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

വെട്ടുകാട് ദേവാലയത്തിലെ ഉത്സവം, ബീമാപള്ളി ഉത്സവം അങ്ങനെ കേരളത്തിൽ ഒരുപാട് സ്ഥലങ്ങളുണ്ട്. നമ്മളാരും കോടതിക്ക് എതിരല്ല കോടതി വിധിക്കും എതിരല്ല. നീതിന്യായ സ്ഥാപനങ്ങൾ മനുഷ്യ നന്മയ്ക്കു വേണ്ടിയായിരിക്കണം. അതാണ് നമ്മുടെ കാഴ്ചപ്പാട്. ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളോട് പ്രതിപക്ഷത്തിന് വിയോജിപ്പ് ഉണ്ടാകേണ്ട കാര്യമില്ല. ഞങ്ങൾ അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : ജനവികാരം മാനിച്ചാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. ആ ജനവികാരം മാനിച്ച് കോടതിയും പോകണം. അതുകൊണ്ട് വളരെ ശക്തമായ നിയമം ഉണ്ടാക്കണം എന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ : നമുക്ക് കൂട്ടായി ആലോചിച്ച് അതിനുള്ള നടപടിയിലേക്ക് പോകാം

5. പ്രശാന്തിന്റെ ദുരൂഹമരണം

ശ്രീ. പി. സി. ജോർജ് : സർ, തിടനാട് കീന്തനാനിയ്ക്കൽ തങ്കപ്പന്റെ മകൻ പ്രശാന്ത് 30-ാം തീയതി വൈകുന്നേരം വീട്ടിൽനിന്ന് പോകുകയും 31-ാം തീയതി മരിച്ചു കിടക്കുന്നതായാണ് കാണപ്പെട്ടത്. അദ്ദേഹത്തിന്റെ ഉടുമുണ്ടും ചെരിപ്പും മൃതദേഹം കിടന്നതിന്റെ 50 മീറ്റർ അകലെയാണ് കിടന്നിരുന്നത്. 20-ഓളം മുറിവുകളുണ്ടെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് പോസ്റ്റ്മോർട്ടം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൊലപാതകത്തിനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ടെന്നത് വളരെ വ്യക്തമാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽതന്നെ പറഞ്ഞിരിക്കുന്നത് Opinion as to cause of death, death was due to head injury എന്നാണ്. തലയിൽ ഇൻസൈഡ് ഇൻജുറിയാണ്. അതാണ് പ്രധാനപ്പെട്ട കാര്യം. ഇത് കൊലപാതകമാണെന്നുള്ള കാര്യത്തിൽ നാട്ടിലെ ജനങ്ങൾക്ക് നൂറു ശതമാനവും ബോദ്ധ്യമാണ്. വിജനമായ ഒരു മേഖലയിലാണ് ആ മൃതദേഹം കണ്ടെത്തിയത്. പ്രശാന്ത് ബാങ്കിലെ പ്യൂൺ ആയിരുന്നു. അയാൾ കുളിക്കുന്ന സമയത്തല്ലാതെ കണ്ണാടി ഊരിവയ്ക്കാറില്ല. പക്ഷേ മൃതദേഹംകണ്ട സ്ഥലത്ത് കണ്ണാടി ഇല്ലായിരുന്നു. ഇതിനെക്കുറിച്ച് ചർച്ചയായപ്പോൾ അവിടെ മുഴുവനും കണ്ണാടിക്കുവേണ്ടി തിരച്ചിൽ നടത്തുകയുണ്ടായി. മൂന്നാം ദിവസം പ്രശാന്തിന്റെ ചെരുപ്പ് കിടന്നതിന്റെ മുന്ന് അടി അകലെ ഈ കണ്ണാടി കിടക്കുകയാണ്. കണ്ണാടി എങ്ങനെ അവിടെ വന്നു. എത്രയോ ആളുകൾ അന്ന് അവിടെകൂടിയതാണ്. രണ്ടാമത്, കൊലപാതകികൾ കൊണ്ടുവന്ന് ഇട്ടു എന്നുള്ളത് ഉറപ്പാണ്. ഇത് കൊലപാതകമാണെന്ന് നൂറ് ശതമാനം ഉറപ്പാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് തിടനാട് പഞ്ചായത്ത് വളരെ സമ്പന്നമായ മേഖലയാണ്. അവിടെ ഇതുപോലെയൊരു കൊലപാതകം നടന്ന് തെളിവില്ലാതെ പോകുക യെന്നുപറഞ്ഞാൽ തെറ്റാണ്. അങ്ങ് ഒരു ഉദ്യോഗസ്ഥനെ അന്വേഷിക്കാൻ നിയോഗിക്കും ആ ഉദ്യോഗസ്ഥൻ ഇതൊരു അപകടമരണമാണെന്ന് എഴുതി വച്ചാൽ ശരിയാകുകയില്ല. ഒന്നുകിൽ തലയിൽ കല്ലുവച്ച് അടിക്കുകയോ അല്ലെങ്കിൽ തടിവച്ച് അടിയ്ക്കുകയോ ചെയ്തിരിക്കണം. ഉന്നതനായ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly